ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 12.07.2026**

## പ്രധാനവാർത്തകൾ

1. രാജ്യത്തെ സാമൂഹ്യ പരിഷ്കർത്താക്കളുടെ മഹത്തായ സംഭാവനകളെ ആദരിക്കേണ്ടത് പൗരന്മാരുടെ കടമയാണെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ.
2. ഒമാൻ തീരത്ത് വാണിജ്യ കപ്പലിന് നേരെയുണ്ടായ ആക്രമണത്തെ അപലപിച്ച് ഇന്ത്യ ; കാണാതായ ഇന്ത്യൻ പൗരന് വേണ്ടിയുള്ള തിരച്ചിൽ ഊർജ്ജിതമെന്ന് വിദേശകാര്യമന്ത്രാലയം.
3. ഇതിഹാസ ഗായിക എസ് ജാനകിയുടെ സംസ്കാര ചടങ്ങുകൾ പൂർത്തിയായി. വിട വാങ്ങിയത് തലമുറകളുടെ ഹൃദയം കീഴടക്കിയ ശബ്ദ മാധുരി ; സംസ്ഥാന സർക്കാരിന് വേണ്ടി മന്ത്രി റോജി.എം. ജോൺ അന്തിമോപചാരം അർപ്പിച്ചു.
4. വിയറ്റ്നാമിൽ ബോട്ട് അപകടത്തിൽ മരിച്ച മലയാളികൾ ഉൾപ്പടെയുള്ള ഇന്ത്യക്കാരുടെ മൃതദേഹങ്ങൾ എത്രയും വേഗം നാട്ടിലെത്തിക്കുമെന്ന് ഇന്ത്യൻ എംബസ്സി.
5. കൊച്ചി നഗരസഭയുടെ മൂന്നാമത് റോ- റോ സർവീസിന് തുടക്കമായി; സ്ത്രീകൾക്ക് റോ-റോ സർവീസിലും സൗജന്യ യാത്രയെന്ന് മുഖ്യമന്ത്രി.

PNU TVPM

6. വിംബിൾഡൺ പുരുഷ സിംഗിൾസ് കിരീട പോരാട്ടത്തിൽ ഇന്ന് യാനിക് സിന്നറും അലക്സാണ്ടർ സ്വെരേവും ഏറ്റുമുട്ടും.

**&&&&&&&&&&&&&&&&**

<u>ഉപരാഷ്ട്രപതി - മന്നം ( ഇൻട്രോ)</u>

രാജ്യത്തെ സാമൂഹ്യ പരിഷ്കർത്താക്കളുടെ മഹത്തായ സംഭാവനകളെ ആദരിക്കേണ്ടത് ഓരോ പൗരന്റെയും കടമയാണെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. ന്യൂഡൽഹിയിലെ ദ്വാരകയിൽ സാമൂഹിക പരിഷ്കർത്താവും സ്വാതന്ത്ര്യ സമര സേനാനിയുമായ മന്നത്തു പത്മനാഭന്റെ പ്രതിമ അനാച്ഛാദനം ചെയ്യുകയായിരുന്നു അദ്ദേഹം. മന്നം സ്മൃതി മണ്ഡപവും ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്തു. എല്ലാവരെയും ഉൾക്കൊള്ളുന്ന ഐക്യമുള്ള സമൂഹം കെട്ടിപ്പടുക്കുന്നതിൽ മന്നത്തു പത്മനാഭന്റെ ആദർശങ്ങൾ രാഷ്ട്രത്തിന് പ്രചോദനമാണെന്ന് ഉപരാഷ്ട്രപതി പറഞ്ഞു.

( വോയിസ്. ഉപരാഷ്ട്രപതി...)

RNU TVPM

കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ചടങ്ങിൽ പങ്കെടുത്തു.

**&&&&&&&&&&&&&&&&**

<u>പശ്ചിമേഷ്യ</u>

ഒമാൻ തീരത്ത് വാണിജ്യ കപ്പലിന് നേരെയുണ്ടായ ആക്രമണത്തെ ശക്തമായി അപലപിച്ച് ഇന്ത്യ. കപ്പലിലുണ്ടായിരുന്ന 11 ഇന്ത്യൻ പൗരന്മാരിൽ 10 പേരെ രക്ഷപ്പെടുത്തി. കാണാതായ ഇന്ത്യക്കാരനായി ഒമാനുമായി ചേർന്ന് തിരച്ചിൽ ഊർജിതമാക്കിയതായും സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്നും വിദേശകാര്യ മന്ത്രാലയം അറിയിച്ചു. മേഖലയിൽ വാണിജ്യ കപ്പലുകൾക്ക് നേരെ

തുടർച്ചയായി ഉണ്ടാകുന്ന ആക്രമണങ്ങളിൽ ഇന്ത്യ കടുത്ത ആശങ്ക രേഖപ്പെടുത്തി.

&&&&&&&&&&&&&&&&

ഗായിക എസ് ജാനകിയ മ്മ

ഇതിഹാസ ഗായിക എസ് ജാനകിയമ്മയ്ക്ക് രാജ്യത്തിൻറെ അന്ത്യാഞ്ജലി. കർണാടകയിലെ കനിയനഹുണ്ഡി ഫാം ഹൗസിൽ അൽപ്പം മുൻപ് സംസ്കാര ചടങ്ങുകൾ പൂർത്തിയായി. വാർധക്യ സഹജമായ അസുഖങ്ങളെ തുടർന്ന് ചികിത്സയിലായിരുന്ന എസ് ജാനകി ഇന്നലെയാണ് അന്തരിച്ചത്. 88 വയസായിരുന്നു. ആറ് പതിറ്റാണ്ടിലേറെ നീണ്ട സംഗീത ജീവിതത്തിൽ മലയാളം, കന്നഡ, തമിഴ്, ഹിന്ദി ഭാഷകളിലായി 48,000-ത്തോളം ഗാനങ്ങൾ ആലപിച്ചിട്ടുണ്ട്. നാല് തവണ മികച്ച ഗായികയ്ക്കുള്ള ദേശീയ പുരസ്കാരവും 33 സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങളും നേടിയിട്ടുണ്ട്.

PNUTVPM

&&&&&&&&&&&&&&&&

എസ്.ജാനകി - സംസ്ഥാന സർക്കാർ

വിഖ്യാത ഗായിക എസ്.ജാനകിക്ക് സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി.എം. ജോൺ അന്തിമോപചാരം അർപ്പിച്ചു. ഭൗതികദേഹം പൊതുദർശനത്തിനു വച്ച മൈസൂർ മഹാരാജാ ഗ്രൗണ്ടിലെത്തിയ മന്ത്രി പുഷ്പചക്രം സമർപ്പിച്ചു. തലമുറകളെ സംഗീതത്തിലൂടെ ബന്ധിപ്പിച്ച അപൂർവ പ്രതിഭയായിരുന്നു എസ്. ജാനകിയെന്ന് മന്ത്രി അനുസ്മരിച്ചു.

&&&&&&&&&&&&&&&&

വിയറ്റ്നാം- ഇന്ത്യൻ എംബസി

വിയറ്റ്നാമിലുണ്ടായ ബോട്ട് അപകടത്തിൽ മരിച്ച മലയാളികൾ ഉൾപ്പടെയുള്ള 15 ഇന്ത്യക്കാരുടെ മൃതദേഹങ്ങൾ എത്രയും വേഗം നാട്ടിലെത്തിക്കുമെന്ന് ഇന്ത്യൻ എംബസ്സി. മൃതദേഹങ്ങൾ തുടർനടപടികൾക്കായി ഹോ ചി മിൻ സിറ്റിയിലേക്ക് മാറ്റിയിരിക്കുകയാണ്. അപകടവിവരം അറിഞ്ഞ ഉടൻ തന്നെ സംസ്ഥാന സർക്കാർ വിഷയത്തിൽ സജീവ ഇടപെടൽ നടത്തുന്നുണ്ടെന്ന് മന്ത്രി ബിന്ദു കൃഷ്ണ അറിയിച്ചു.

&&&&&&&&&&&&&&&&

<u>തീരദേശ ശുചീകരണം ( ഇൻട്രോ )</u>

ശാസ്ത്രീയ സംരംഭങ്ങളെ ജനകീയ പ്രസ്ഥാനമാക്കി മാറ്റാൻ ശാസ്ത്ര സ്ഥാപനങ്ങൾക്കിടയിൽ സുഗമമായ ഏകോപനം ഉണ്ടാകണമെന്ന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ്. ശാസ്ത്ര മന്ത്രാലയങ്ങളിലെയും വകുപ്പുകളിലെയും ഉദ്യോഗസ്ഥർ പങ്കെടുത്ത ഉന്നതതല അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യവ്യാപകമായി 'സ്വച്ഛ് സാഗർ, സുരക്ഷിത് സാഗർ' തീരദേശ ശുചീകരണ പരിപാടി സംഘടിപ്പിക്കുമെന്നും പരമാവധി ദേശീയ പങ്കാളിത്തം ഉറപ്പാക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

RNU TVPM

വിശദാംശങ്ങളിലേക്ക്.......
( വോയിസ്......)

<u>തീരദേശ ശുചീകരണം ( വോയിസ്)</u>

'സ്വച്ഛ് സാഗർ, സുരക്ഷിത് സാഗർ' രാജ്യവ്യാപക തീരദേശ ശുചീകരണ പരിപാടി വിജയിപ്പിക്കാൻ സാങ്കേതിക നൂതനാശയങ്ങൾ , ജനപങ്കാളിത്തം, വകുപ്പുകൾ തമ്മിലുള്ള സഹകരണം എന്നിവ ഉറപ്പാക്കണമെന്ന് കേന്ദ്ര മന്ത്രി പറഞ്ഞു. സെപ്റ്റംബർ 10 മുതൽ 19 വരെയാണ് രാജ്യത്തുടനീളമുള്ള തീരപ്രദേശങ്ങളിൽ ശുചീകരണ യജ്ഞം സംഘടിപ്പിക്കുക. പരിസ്ഥിതി സംരക്ഷണത്തെ കുറിച്ച് ജനങ്ങളെ

ബോധവാന്മാരാക്കുകയും ശുചിത്വത്തിൽ സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുകയുമാണ് ലക്ഷ്യമിടുന്നത്. പരിപാടിയുടെ തയ്യാറെടുപ്പുകളെക്കുറിച്ചും ജന പങ്കാളിത്തം വർധിപ്പിക്കുന്നതിനുള്ള മാർഗങ്ങളും യോഗം ചർച്ച ചെയ്തു. ശാസ്ത്ര സ്ഥാപനങ്ങൾ, ഗവണ്മെൻ്റ് ഏജൻസികൾ, സന്നദ്ധപ്രവർത്തകർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പ്രാദേശിക സമൂഹങ്ങൾ എന്നിവരെ ഒന്നിപ്പിക്കുന്ന രാജ്യത്തെ ഏറ്റവും വലിയ തീരദേശ ശുചീകരണ പരിപാടികളിൽ ഒന്നായിരിക്കും ഈ കാമ്പെയ്ൻ എന്ന് ശ്രീ ജിതേന്ദ്ര സിംഗ് പറഞ്ഞു.

ന്യൂസ്ഡെസ്ക് ആകാശവാണി.....

**&&&&&&&&&&&&&&&&**

<u>മുഖ്യമന്ത്രി -കൊച്ചി</u>

RNUTVPM

കൊച്ചി കോർപറേഷൻറെ മൂന്നാമത് റോ- റോ സർവീസ്, മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്തു. കെ.എസ്.ആർ.ടി.സി 'പ്രിയദർശിനി' പദ്ധതിക്ക് സമാനമായി പുതിയ റോ-റോ സർവീസിലും സ്ത്രീകൾക്ക് പൂർണ്ണമായും സൗജന്യ യാത്രയായിരിക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചു. ഇതിലൂടെ സ്ത്രീകൾ ലാഭിക്കുന്ന തുക കെഎസ്എഫ്ഇ ആരംഭിക്കുന്ന പ്രത്യേക 'പിങ്ക് ചിട്ടി' യിൽ സുരക്ഷിതമായി നിക്ഷേപിക്കാമെന്നും അദ്ദേഹം അറിയിച്ചു.

**&&&&&&&&&&&&&&&&**

<u>വയനാട് - മൃതദേഹം കണ്ടെത്തി</u>

വയനാട് കള്ളാടിയിലെ മണ്ണിടിച്ചിലിൽ മരിച്ചവരുടെ എണ്ണം എട്ടായി. ഇന്ന് നടത്തിയ തിരച്ചിലിൽ ഹിമാചൽ സ്വദേശി വിക്രം റാണയുടെ മൃതദേഹം കണ്ടെത്തി. കൺസ്ട്രക്ഷൻ മാനേജറാണ് വിക്രം റാണ. കള്ളാടി തുരങ്കപാത നിർമാണ പ്രദേശത്തെ മണ്ണിടിച്ചിൽ

സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തി ഒരുമാസത്തിനകം റിപ്പോർട്ട് നൽകാൻ സംസ്ഥാന സർക്കാർ വിദഗ്ധ സമിതിയോട് നിർദേശിച്ചിട്ടുണ്ട്.

**&&&&&&&&&&&&&&&&**

## വർഷകാല സമ്മേളനം

പാർലമെൻറിൻറെ വർഷകാല സമ്മേളനം ഈ മാസം 20 ന് ആരംഭിക്കും. ഓഗസ്റ്റ് 13 വരെയാണ് സമ്മേളനം.

**&&&&&&&&&&&&&&&&**

## ദേവസ്വം മന്ത്രി മുരളീധരൻ

ദേവസ്വങ്ങളുടെ ഫണ്ട് ഓഡിറ്റ് ചെയ്യാനുള്ള അധികാരം മാത്രമാണ് കോടതികൾക്ക് ഉള്ളതെന്ന് ദേവസ്വം മന്ത്രി കെ.മുരളീധരൻ. ദേവസ്വങ്ങളിലെ കമ്മീഷനെ നിയമിക്കാൻ അവകാശം ഇല്ലെന്നും ക്ഷേത്രാചാരങ്ങളിലെ കോടതികളുടെ അമിത ഇടപെടൽ സംബന്ധിച്ച ചർച്ചയ്ക്ക് നിയമസഭയിൽ തുടക്കമിട്ടിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ശ്രീ വടക്കുന്നാഥൻ ക്ഷേത്രത്തിൽ ആൽമരം നടീൽ ചടങ്ങ് നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഉത്സവങ്ങൾക്കിടെ വെടിക്കെട്ട് അപകടം പോലെയുള്ളവ ആവർത്തിക്കാതിരിക്കാൻ മുൻകരുതലുകൾ എടുക്കണമെന്നും മന്ത്രി നിർദേശിച്ചു.

RNU TVPM

**&&&&&&&&&&&&&&&&**

## പാലക്കാട് (ഇൻട്രോ)

അരി നിറയ്ക്കാനുള്ള ചാക്കുകളുടെ കുറവ് നെല്ലുസംഭരണത്തെ ബാധിക്കാതിരിക്കാൻ മുൻകരുതലുമായി സപ്ലൈകോ. മില്ലുകളിൽനിന്ന് റേഷൻകടകളിലേക്ക് എത്തിക്കുന്ന

അരി നിറയ്ക്കാൻ 30 ലക്ഷം ചണച്ചാക്കുകൾ എത്തിക്കാൻ നടപടി ആരംഭിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്.....
(വോയിസ്)

&&&&&&&&&&&&&&&&

<u>വിംബിൾഡൺ</u>

വിംബിൾഡൺ പുരുഷ സിംഗിൾസ് കിരീട പോരാട്ടത്തിൽ ഇന്ന് ലോക ഒന്നാം നമ്പർ താരമായ യാനിക് സിന്നർ ജർമ്മനിയുടെ അലക്സാണ്ടർ സ്വെരെവിനെ നേരിടും. ഇന്ത്യൻ സമയം രാത്രി 8:30-നാണ് മത്സരം. വനിതാ ഡബിൾസ് ഫൈനലിൽ ഇപ്പോൾ ചൈന - ഫ്രാൻസ് സഖ്യം, കാനഡ - ബ്രസീൽ സഖ്യവുമായി ഏറ്റുമുട്ടുകയാണ്.

RNUTVPM

&&&&&&&&&&&&&&&&

<u>ലോകകപ്പ് ഫുട്ബോൾ</u>

ലോകകപ്പ് ഫുട്ബോൾ സെമി ഫൈനലിന് ബുധനാഴ്ച തുടക്കമാകും. ആദ്യ സെമിയിൽ ഫ്രാൻസ് - സ്പെയിനിനെ നേരിടും. വ്യാഴാഴ്ച നടക്കുന്ന സെമി പോരാട്ടത്തിൽ അർജന്റീന - ഇംഗ്ലണ്ടുമായി ഏറ്റുമുട്ടും.

&&&&&&&&&&&&&&&&

<u>പ്ലസ് വൺ</u>

സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിനായുള്ള സപ്ലിമെന്ററി അലോട്ട്മെന്റിന് നാളെമുതൽ ഓൺലൈനായി അപേക്ഷിക്കാം. മുഖ്യ അലോട്ട്മെന്റിൽ അപേക്ഷിച്ചിട്ടും അവസരം ലഭിക്കാതിരുന്നവർക്കാണ് അവസരം. സപ്ലിമെന്ററി

അലോട്ട്മെന്റിനായുള്ള ഒഴിവുകളും മറ്റു വിവരങ്ങളും നാളെ hscap.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.

&&&&&&&&&&&&&&&&

## ആറന്മുള - ഡ്രോൺ സർവേ

ആറന്മുള വിമാനത്താവള പദ്ധതി പ്രദേശത്ത് അനുമതിയില്ലാതെ ഡ്രോൺ പറത്തിയ സംഭവത്തിൽ പത്തനംതിട്ട ജില്ലാ കളക്ടർ കോഴഞ്ചേരി തഹസിൽദാരോട് അടിയന്തര റിപ്പോർട്ട് തേടി. മൗണ്ട് സിയോൺ ഗ്രൂപ്പ് ചെയർമാൻ എബ്രഹാം കലമണ്ണിൽ സ്വകാര്യ ഏജൻസിയെ ഉപയോഗിച്ച് ഡ്രോൺ സർവേ നടത്തിയ സംഭവത്തിലാണ് നടപടി. റിപ്പോർട്ട് ലഭിച്ച ശേഷം വിഷയം ഹൈക്കോടതിയെ അറിയിക്കുമെന്ന് ജില്ലാ കളക്ടർ പറഞ്ഞു.

PNU TVPM

&&&&&&&&&&&&&&&&

## ആഭ്യന്തര മന്ത്രി

ലഹരിവിരുദ്ധ ദൗത്യമായ ഓപ്പറേഷൻ തൂഫാൻ കേരളത്തിലെ ജനങ്ങൾ ഏറ്റെടുത്തതായി ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. എല്ലായിടങ്ങളിലും ലഹരിക്കെതിരെ ജനമുന്നേറ്റം കാണാൻ സാധിക്കുന്നതായും അദ്ദേഹം പന്തളത്ത് മാധ്യമങ്ങളോട് പറഞ്ഞു. അഞ്ച് സംസ്ഥാനങ്ങളിലെ ഡി.ജി.പിമാർ പദ്ധതിയ്ക്ക് പിന്തുണ ഉറപ്പ് നൽകിയതായും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&

&&&&&&&&&&&&

&&&